**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 223** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സപ്ലൈകോ നവീകരണവും സ്മാർട്ട് മാവേലി സ്റ്റോറുകളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** പൊതുവിതരണ ശൃംഖല കൂടുതൽ ജനസൗഹാർദ്ദമാക്കുന്നതിന്റെ ഭാഗമായി മാവേലി സ്റ്റോറുകളെയും സപ്ലൈകോ ഔട്ട്-ലെറ്റുകളെയും 'സ്മാർട്ട്' ആക്കി മാറ്റുന്നതിനും നവീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** സപ്ലൈകോ വിൽപ്പനശാലകൾ ജനസൗഹാർദ്ദമാക്കുന്നതിന്റെ ഭാഗമായി 2026-27 സാമ്പത്തിക വർഷത്തിൽ 100 സപ്ലൈകോ വിൽപ്പനശാലകൾ തെരഞ്ഞെടുത്ത് നവീകരണം നടത്തുന്നതിലേക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** സപ്ലൈകോ വിൽപ്പനശാലകളിൽ കമ്പ്യൂട്ടറൈസേഷനും ഡിജിറ്റൽ പണമിടപാടുകളും പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** നിലവിൽ സപ്ലൈകോ ഔട്ട് ലെറ്റുകളെല്ലാം പൂർണ്ണമായും കമ്പ്യൂട്ടർവൽകരിച്ചിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകളിൽ ഡിജിറ്റൽ പേയ്മെന്റ് ഓപ്ഷനായ QR കോഡ് സംവിധാനം 99% വരെ നടപ്പാക്കിയിട്ടുണ്ട്.

**(സി)** സപ്ലൈകോ ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും ഹോം ഡെലിവറി വഴിയും ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സപ്ലൈകോ ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേനയും/ ഹോം ഡെലിവറി മുഖേനയും വിൽപ്പന നടത്തുന്ന പദ്ധതി ആരംഭിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ച വരുന്നു.

**(ഡി)** സപ്ലൈകോ ഔട്ട്-ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** സബ്സിഡി സാധനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി യഥാസമയം e tender/ e- auction മുഖേന സാധനങ്ങൾ പർച്ചേസ് നടത്തുകയും സപ്ലൈകോ ഔട്ട്ലറ്റുകൾ വഴി വിതരണം ചെയ്യുകയും ചെയ്യുന്നു.

**(ഇ)** സംസ്ഥാനത്ത് സപ്ലൈകോ ഔട്ട്-ലെറ്റുകളും റേഷൻ കടകളും പുതുതായി ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**മറുപടി:** സപ്ലൈകോ വിൽപ്പനശാലകൾ ആവശ്യമാണെന്ന് പൊതുജനങ്ങളിൽ നിന്നോ ജനപ്രതിനിധികളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ സാധ്യതാപഠനം നടത്തി അനുകൂലമെങ്കിൽ ടി പ്രദേശത്ത് മാവേലി സ്റ്റോറുകൾ/ മാവേലി സൂപ്പർ സ്റ്റോറുകൾ/സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ, പൊതുജനങ്ങളുടെ സൗകര്യം, വിപണന സാധ്യത എന്നിവ പരിഗണിച്ച് നിലവിലെ വിൽപ്പനശാലകൾ അപ്ഗ്രേഡ് ചെയ്യുന്നുമുണ്ട്.

സംസ്ഥാനത്തു പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് പ്രദേശവാസികളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷയിൽ ആവശ്യപ്പെടുന്ന പ്രദേശത്തു വിശദമായ അന്വേഷണം നടത്തി കുറഞ്ഞത് മൂന്ന് കിലോമീറ്റർ ചുറ്റളവിനുള്ളിൽ റേഷൻകടകൾ ഇല്ലാത്ത പക്ഷമോ പുതുതായി നിർദേശിക്കുന്ന സ്ഥലത്ത് സമീപത്തുള്ള റേഷൻ കടയുടെ സാമ്പത്തിക ഭദ്രതയെ ബാധിക്കാത്ത വിധം കുറഞ്ഞത് 400 അധികം റേഷൻകാർഡ് എങ്കിലും ലഭിക്കുന്ന സാഹചര്യത്തിലോ/വളരെ അനിവാര്യമാണെന്ന് കാണുന്ന പക്ഷമോ മാത്രമേ മറ്റു മാനദണ്ഡങ്ങളുടെ കൂടി അടിസ്ഥാനത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**